## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4536 18.05.2017- ൽ മറുപടിക്ക്**

**"ചെറുകിട വ്യവസായ രംഗത്ത് വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി"**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം. സ്വരാജ് | | ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് ചെറുകിട വ്യവസായ രംഗത്ത് വനിതാ സംരംഭകരെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി നടപടി സ്വീകരിച്ച് വരുന്നുണ്ടോ; | എ), ബി), സി) & ഡി) | ഉണ്ട്. സംരംഭകത്വ സഹായ പദ്ധതി (ഇ എസ് എസ്) വഴി വനിതാ സംരംഭകർക്ക് നിക്ഷേപത്തിന്റെ 20% (പരമാവധി 30 ലക്ഷം രൂപ) സബ്സിഡിയായി അനുവദിക്കുന്നുണ്ട്. കേരളത്തിലെ വ്യവസായ മേഖലയിലെ മുഖ്യധാരയിലേയ്ക്ക് വനിതാ വ്യവസായികളെ ആകർഷിക്കുന്നതിനും, വ്യവസായ സംരംഭങ്ങൾ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുന്നതിനും വേണ്ടി വനിതാ സംരംഭകത്വ മിഷൻ അഥവാ വീ മിഷൻ എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശ പിന്തുണയും, നെറ്റ് വർക്കിങ്ങ് മീറ്റിങ്ങുകളും നൽകുന്നതോടൊപ്പം ഈ വ്യവസായങ്ങളെ ലോകത്തിനു മുൻപിൽ പ്രദർശിപ്പിക്കുന്നതിനും സംരംഭകരെ തമ്മിൽ കോർത്തിണക്കി പുതിയ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുമുള്ള സാഹചര്യമൊരുക്കുകയാണ് വീ മിഷൻ വഴി ചെയ്തു വരുന്നത്. പ്രസ്തുത വീ മിഷൻ മുഖേന കേരളത്തിലെ വനിതാ വ്യവസായികൾക്കുവേണ്ടി മെന്ററിംഗ് സപ്പോർട്ട്, മറ്റ് വ്യവസായ യൂണിറ്റുകളിലേക്കുള്ള സന്ദർശനങ്ങൾ, വിപണി ശൃംഖല വിപുലീകരിക്കൽ, ഹ്രസ്വകാല സാമ്പത്തിക സഹായം, അടിസ്ഥാന സൗകര്യ വിപുലീകരണം/ആധുനികവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങളും നടത്തിവരുന്നു. ഈ രംഗത്തേയ്ക്ക് വനിതകൾക്ക് അവസരം ലഭിക്കുന്നതിനും അവരെ ബിസിനസ്സിലേയ്ക്ക് ആകർഷിക്കുന്നതിനുമായി മേൽപ്പറഞ്ഞ പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. |
| ബി) | ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ; | | |
| സി) | ഈ രംഗത്ത് കൂടുതൽ വനിതകൾക്ക് അവസരം ലഭിക്കുന്നതിനായി ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; | | |
| ഡി) | ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ